## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1039** 21/03/2013 ൽ മറുപടിക്ക്

**ഐറ്റി. അറ്റ് സ്കൂളിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥാപന മേധാവിയായ ഡി.പി.ഐ യെ മറികടന്നാണ് തീരുമാനങ്ങൾ വരുന്നത് എന്നതിന്റെ പേരിൽ അദ്ദേഹം സ്ഥാനം ഒഴിയുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച് കത്ത് നൽകിയിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | പരിചയസമ്പന്നരായ ട്രെയിനർമാരെ പിരിച്ചു വിട്ടതാണോ ഇതിന് പ്രധാന കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) | പിരിച്ചുവിട്ടിട്ടില്ല. പ്രോജക്ടിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ പ്രവർത്തിച്ചിരുന്ന 34 അധ്യാപകരെ അവരവരുടെ മാതൃവിദ്യാലയങ്ങളിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. |
| സി) | ഇതുകാരണം വിദ്യാലയങ്ങളിലെ ഐ.ടി. പരീക്ഷകൾ ആകെ താളം തെറ്റിയ കാര്യം വിലയിരുത്തിയിട്ടുണ്ടോ; | സി) | എസ്.എസ്.എൽ.സി ഐടി പരീക്ഷ മുൻവർഷങ്ങളിലെപ്പോലെ കൃത്യമായി നടത്തിത്തീർത്തിട്ടുണ്ട് മറ്റു പരീക്ഷകൾ നടന്നു വരുന്നു. |
| ഡി) | ഐ.ടി. അറ്റ് സ്കൂളിൽ പുതിയ നിയമനത്തിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഇത് ചട്ട പ്രകാരമല്ല എന്ന പരാതി നിലനിൽക്കുന്നുണ്ടോ; ഇക്കാര്യം പരിശോധിക്കാൻ തയ്യാറാകുമോ? | ഡി) | ഐടി@സ്കൂൾ പ്രോജക്ടിലേക്ക് മാസ്റ്റർ ട്രെയിനർമാരെ തെരഞ്ഞെടുക്കുന്നതിന് ചട്ടപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ